# ശാന്ത എച്ച് എസ് എസ് അവണൂർ



ജില്ല

തൃശ്ശൂർ

ഉപജില്ല

വെസ്റ്റ്

സ്കൂൾ ഇനം

എയ്ഡഡ്

8-12

പഞ്ചായത്ത്

അവണൂർ

തൃശ്ശൂർ നഗരത്തിൻ്റെ വടക്കഭാഗത്തായി 12 കി. മി .അകലത്തിൽ മുണ്ടൂർ – വെളപ്പായ റോഡിൽ സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് ശാന്ത ഹയർ സെക്കണ്ടറി സ്കൂൾ . ശ്രീ.ഉണ്ണി എഴുത്തച്ഛൻ 1968 – ൽ സ്ഥാപിച്ച ഈ വിദ്യാലയം അവണൂർ ഗ്രാമ പഞ്ചായത്തിലെ ഏക ഹൈസ്കൂൾ വിദ്യാലയമാണ്. ശ്രീധരൻ

# എഡിറ്റോറിയൽ

ഓർമ്മകളെ താലോലിക്കുന്ന നമ്മൾ മലയാളികൾ.നല്ല ഓർമ്മകൾ പങ്കുവെക്കാൻ എപ്പോഴും താൽപരരുമാണ് കൂട്ടുകൂടുന്ന സൗഹൃദങ്ങളിലും കുടുംബസദസ്സുകളിലുമൊക്കെ ഓർമ്മകൾ ഓടിയെത്തുന്നു നല്ല ഓർമ്മകൾ എപ്പോഴും സമ്മാനിക്കുന്നത് വിദ്യാലയങ്ങളാണ്. സ്കൂൾ കാലത്തെ സൗഹൃദങ്ങളും പ്രവർത്തനങ്ങളുമൊക്കെ എക്കാലത്തും ഓർമ്മയിൽ തങ്ങിനിൽക്കും. സ്കൂൾ കോലാഹലട്ടത്തെ സ്നേഹിക്കാത്തവർക്ക് മറ്റൊന്നിനെയും സ്നേഹിക്കാൻ കഴിയില്ലെന്ന് പറയാറുണ്ട്. സ്കൂളിലേയ്ക്ക് പോകുന്നതും വരുന്നതും അതിനിടയിൽ സ്കൂളിൽ ചെലവഴിക്കുന്നതുമായ സമയം ഏതോരു വ്യക്തിയുടെയും ജീവിതത്തിലെ പ്രധാനപ്പെട്ട ഓർമ്മകളാണ്. മാവിലെറിഞ്ഞും വെള്ളത്തിൽ കളിച്ചും പരസ്പരം മനസ്സിലാക്കിയും തിരിച്ചറിഞ്ഞും നാടിനെ അറിഞ്ഞുമുള്ള യാത്ര.

# പാൽ കുടിക്കാത്ത പൂച്ച

രാജ്യത്ത് എലികളുടെ ശല്യം ഏറി വന്നു. അവ മനുഷ്യരുടെ കൃഷികൾ എല്ലാം നശിപ്പിക്കാൻ തുടങ്ങി. എലികളുടെ ശല്യം കൊണ്ട് പ്രജകൾ വീർപ്പുമുട്ടി. ചക്രവർത്തി ആകെ വിഷമത്തിലായി.ആ രാജ്യത്ത് പൂച്ചകൾ ആണെങ്കിൽ ഒരെണ്ണം പോലുമില്ല . ഒടുവിൽ ഈ ദുഃസ്ഥിതിക്ക് ഒരു പരിഹാരം ചക്രവർത്തി കണ്ടെത്തി.അന്യദേശത്തു നിന്നും ആയിരം പൂച്ചകളെ ഇറക്കുമതി ചെയ്യുക. അങ്ങനെ ശൗര്യവും , ശക്തിയുമുള്ള ആയിരം പൂച്ചകളെ വരുത്തി. ആയിരം പൂച്ചകളെ ഒന്നിച്ച് കൊട്ടാരത്തിൽ താമസിപ്പിക്കാൻ പറ്റുമോ? തന്നെയുമല്ല കൊട്ടാരത്തിൽ മാത്രമല്ലല്ലോ എലിശല്യം . അതിനും രാജാവ് ഒരു വഴി കണ്ടെത്തി. ഓരോ വീട്ടിലും ഓരോ പൂച്ചയെ നോക്കണം . ചക്രവർത്തി കല്പിച്ചു . പൂച്ചയ്ക്ക് പാൽ കൊടുക്കാതെ പറ്റില്ലല്ലോ . ഓരോ വീട്ടുടമസ്ഥനും ഓരോ പശുവിനെയും ചക്രവർത്തി കൊടുത്തു. പശുവിൻെറ ചെലവ് കൊട്ടാരത്തിൽ നിന്നും വഹിച്ചു. അങ്ങനെ നഗരത്തിൽ എലികളുടെ ശല്യം കുറഞ്ഞു തുടങ്ങി .............



# അപ്പുണ്ണിയുടെ ജീവിതം, എന്റെയും

'വളരും. വളർന്ന് വലിയ ആളാവും. കൈകൾക്ക് നല്ല കരുത്തുണ്ടാവും അന്ന് ആരേയും ഭയപ്പെടേണ്ടതില്ല. തലയുയർത്തിപ്പിടിച്ച കൊണ്ടു നില്ക്കാം. ആരെടാ എന്നു ചോദിച്ചാൽ പതറ്ങാതെ ഉറച്ച സ്വരത്തിൽ പറയാം. ഞാനാണു, കോന്തുണ്ണി നായരുടെ മകൻ അപ്പുണ്ണി. എം.ടിയുടെ നാലുകെട്ടിലെ ആദ്യ വരികളാണിത്.എന്റെ ജീവിതത്തെയും മുന്നോട്ടു നയിച്ച വരികൾ.

എട്ടാം തരത്തിൽ പടിക്കുമ്പോഴാണു ഞാൻ എം.ടിയുടെ നാലുകെട്ട് വായിക്കുന്നത്. 'പട്ടാളം, എന്ന്

# അഹങ്കാരത്തിന്ന മരുന്നില്ല

ആകാശത്തെയളന്നീടാൻ
കാക്കച്ചിയമ്മയ്ക്കൊരു മോഹം
കുയിലമ്മച്ചിയോടിക്കാര്യം
കാക്കച്ചിയമ്മ ചൊന്നപ്പോൾ
കുയിലമ്മയ്ക്കു രസമായി
കാക്കച്ചിയമ്മയ്ക്കെന്തൊരു മോഹം
നടക്കാനാകാ സുന്ദരമോഹം
കാക്കച്ചിയമ്മതു കേട്ടപ്പോൾ
അക്ഷണംവന്നുഅഹങ്കാരം
പന്തയംവെച്ചു കാക്കച്ചി
പിന്നെ അമാന്തിച്ചില്ലിവരും
പരുന്തമ്മച്ചിയോടിക്കാര്യം
ഇത്തിരിഗർവോടോതീട്ട്
പരുന്തമ്മച്ചിവിസില് വിളിച്ചി
ട്ടാരംഭിച്ചു പന്തയമപ്പോൾ
കാക്കച്ചിയമ്മേം കുയിലമ്മേം
പാറിപ്പാറി ഉയരത്തിൽ
ചിറകുകരിഞ്ഞു രണ്ടാളും
നാണിച്ചയ്യോ തലതാഴ്ത്തി.

# പുരോഗമി

ഒരിക്കൽ ഒരു മനുഷ്യൻ തൻറെ കൃഷിയിടത്തിൽ നിന്ന് അതിമനോഹരമായ ഒരു വെണ്ണക്കൽ പ്രതിമ കുഴിച്ചെടുത്തു. സൗന്ദര്യ വസ്തുക്കളെ സ്നേഹിക്കുകയും അവ ശേഖരിക്കുകയും ചെയ്തിരുന്ന ഒരാളുടെ അടുത്തേക്ക് അയാൾ അതുമായി ചെന്നു. അയാൾ ആ പ്രതിമയെ വലിയ തുകയ്ക്ക് സൗന്ദര്യ ആസ്വാദകന് വിറ്റു.പണവുമായി വീട്ടിലേക്കു മടങ്ങുമ്പോൾ അയാൾ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി. ഈ പണം എന്തുമാത്രം ജീവിതസൗകര്യങ്ങൾ ആണ് നൽകുന്നത് ? എല്ലാവരാലും അവഗണിക്കപ്പെട്ട് ആയിരത്തോളം വർഷങ്ങളായി മണ്ണിൽ പുതഞ്ഞു കിടന്നിരുന്ന ഒരു മൃതശിലാഖണ്ഡത്തി നു പകരമായി ഇത്രമാത്രം പണം നൽകി വിഡ്ഢി ! തൻറെ കയ്യിൽ എത്തിച്ചേർന്ന പ്രതിമ യിലേക്ക് നോക്കി സൗന്ദര്യ ആസ്വാദകൻ ഇങ്ങനെ ചിന്തിക്കുകയായിരുന്നു : എന്തൊരു സൗന്ദര്യം! എന്തൊരു ജീവിത പ്രകാശം!1000 വർഷങ്ങളുടെ നിർമ്മല മധുരമായ നിദ്രയ്ക്ക് ശേഷം എൻറെ കൈകളിൽ എത്തിച്ചേർന്നിരിക്കുന്നത് ഏത് ആത്മാവിൻറെ സ്വപ്നമാണ് ?മൃതവും സ്വപ്ന രഹിതവു മായ പണത്തിനു പകരമായി ഇതിനെ കൈമാറാൻ ആർക്കു തോന്നും ?

# ഉറക്കം

സ്വസ്ഥമായൊന്നുറങ്ങണം
ആരും തൊട്ടു വിളിക്കരുത്
തട്ടിയുരുട്ടി ഉറക്കം കെടുത്തരുത്
അടുത്ത് വന്ന് വിളിച്ചും
ബഹളം വച്ചും
സ്വാസ്ഥ്യം കെടുത്തരുത്
ഉറക്കത്തിനും
ഉണർവ്വിനുമിടയിൽ
ഞാൻ കടന്നു പോകുന്ന
ദുർഘടമായ മലയിടുക്കുകളും
ഗുഹാമുഖങ്ങളും
എന്റേതു മാത്രമാണ്.
ആ വഴികളിലൂടെ
കണ്ണുകെട്ടിത്തിരിച്ചു വിട്ടാലും
പകൽ വെളിച്ചത്തിലെന്ന
പോലെ
എനിക്കറിയാം
ഇടയ്ക്കാരോ താഴേക്കിടും പോലെ
നടുക്കത്തോടെ
ഞാൻ കൺ തുറക്കും
അതെന്റെ ഉണർവ്വല്ല
ഇനിയും കാണാത്ത
വഴികളിലേക്കുള്ള യാത്രയാണത്
പത്തി വിരിച്ച പാമ്പുകൾ
എന്നെ
മാണിക്യക്കല്ലുകാട്ടിക്കൊതിപ്പിക്കും
കാർക്കിച്ച് തുപ്പിയിട്ടും
കല്ലായിപ്പോയ നിധിയാണത്
ദൂരത്തിരുന്ന്
ആരോ പറയുന്ന കഥകളുടെ
കാറ്റേറ്റിട്ടാണ്
ഞാനുറങ്ങുന്നത്
നീരുവറ്റിയൊരൊറ്റ മരം
പുറത്ത് തട്ടി താളം പിടിക്കുന്നു
മച്ചിൽ നിന്ന് ഊർന്ന് വീണ
താരാട്ടിനൊപ്പം
ഞാനെന്റെ
തൊട്ടിക്കോലൊന്നെടുത്ത്
വയ്ക്കട്ടെ
കിലുക്കട്ടം കെട്ടി
ഇനിയതാരാണാവോ
ഒന്നാട്ടിത്തരിക?

# വാതി വരമ്പചിത്രം

പ്രഭാതംപൂമൊട്ടുകളെ ചുംബിച്ചു പതുങ്ങി പതുങ്ങി വന്നു. ഒറ്റക്കണ്ണനായ അർക്കൻ കണ്ണുതുറന്നു. മാരുതന്റെ ഇളംകാറ്റ് സസ്യലതാദികളെ ഇക്കിളിപ്പെടുത്തി.
നാണംകുണുങ്ങി ചെടികൾ ഭ്രമിയുടെ മാറിടമായ വയലുകൾക്ക് അർക്കൻ തന്റെ നിറം
ചൊരിഞ്ഞു. ആ പൊൻശോഭയിൽ വെട്ടിത്തിളങ്ങിയപ്പോൾ വയലുകൾക്ക് എന്തൊരു
ഓജസ്സാണ്.ഈ വയലിന്റെ വരമ്പത്തുനിന്ന് കേറി ഒരു ചെറിയ അരികിലാണ് വയലിനെക്കാൾ,
അർക്കനെക്കാൾ ചൈതന്യമുള്ള ബഷീറിന്റെ വീട്.അപ്പുറത്ത് രാമൻനായരുടെയും ചാപ്പുണ്ണിയുടെയും
വീടാണ്. ഈ ത്രിമൂർത്തികളുടെ പേര് ഒരു കാലത്ത് വെട്ടിത്തിളങ്ങിയിരുന്നു. എന്നാൽ പാതിവരച്ചിട്ട
ചിത്രം പോലെ ഇവരുടെ ജീവിതവും ജീവനും കാലന്റെ ബലിഷ്ഠമായ കൈകളിൽ ഒതുങ്ങിക്കൂടി..

# എന്റെ കേരളം

കേരളം എന്റെ കേരളം
എന്തൊരു സുന്ദരമാം
എൻ കൊച്ചു കേരളം
കേൾവികേട്ട കേരളം
നന്മയാർന്നകേരളം
കേളി കല തൊഴുതുണരും
മലയാളികളുടെ പ്രിയ നാടേ
കേരം തിങ്ങും നമ്മുടെ നാട്
കേരളം എൻ പ്രിയ നാട്
കേരളം എൻറെ കേരളം
നന്മയാർന്ന കേരളം
കേളി കല തൊഴുതുണരും കേരളം

# തേൻവരിക്ക

പ്ലാവിലകൾ കൊഴിഞ്ഞുവീഴുന്നത് കരച്ചിലോടെയല്ലേ
മുറ്റത്തുനിന്ന അയ്യപ്പൻ പ്ലവിനെ സൂക്ഷിച്ച
നോക്കി. വീടിനും പരിസരത്തിനും തണലും കാറ്റും നൽകി
രക്ഷകനായിപ്പടർന്നു നിൽക്കുന്ന തേൻവരിക്ക.
വളവും പുളവുമില്ലാതെ നല്ല വണ്ണവും ഉയരവുമുള്ള തടയിൽ
ചാരിവച്ച മുളയേണി. ചെറിയ കൊമ്പുകളിലൊക്കെ ഒട്ടുവിലുണ്ടായ
ചക്കകൾ,അതൊക്കെ
ഇനയും
വിളഞ്ഞട്ടില്ല.

മകൻ സുരേന്ദ്രനോടൊപ്പം

രണ്ടുപേർ,തടിയുടെ
വണ്ണമളക്കുന്നു. അതെന്തിനെന്നോർക്കുമ്പോൾ വെള്ളo
നിറച്ച കുടവു0 ചുമന്ന് സുരേന്ദ്രന്റെ ഭാര്യ ലീല വന്നു.
ഒന്നു തിരിഞ്ഞു നോക്കിയിട്ട്, അവൾ പറഞ്ഞു. തടിക്കച്ചോടക്കാരാ
അച്ഛാ കൂടെയൊള്ളത്
ങ്ഹേ അയ്യപ്പൻ നടുങ്ങിപ്പോയി. ലീലയെ –
ഇറിച്ചൊന്നു നോക്കി.
വിൽക്കണ്ടെന്നു പറഞ്ഞില്ലേ?
ഓ ഞാൻ പറഞ്ഞാലുണ്ടോ കേൾക്കുന്നു
ങ്ും ഷാപ്പിലെ പറ്റുതീർക്കാനായിരാക്കും
സൂരേന്ദ്രന്റെ മക്കൾ രണ്ടുപേരും മുറ്റത്തിറങ്ങി.അവർ
പറഞ്ഞു. തേൻവരിക്ക വിക്കണ്ട മുത്തച്ഛാ.
വിക്കണ്ടെന്ന് മക്കള് അച്ഛനോട് പറ.
മനസ്സിലൊരു നീറ്റലോടെ അയ്യപ്പൻ പിന്നെയും
പ്ലാവിലേക്കു നോക്കി.

# മഴക്കാർ

സ്നേഹത്തിൻ നിലാവെളിപ്പത്ത് അന്ധകാരത്തിന്റെനിഴൽ
വീഴാതിരികുവാൻ ലോകത്തെ പരിശ്രമിപ്പികുന്നുണ്ടെങ്കിലും
തന്റെ ജീവിതം പൊട്ടിയ വളകളാണെന്ന് മനസിലാക്കാൻ
ആ വളപ്പാട്ടിനു കഴിഞ്ഞിരുന്നു. കാലത്തിന്റെ പരിണെ മം.
നിലാവെളിച മാകുബോൾ തന്റെ ജീവിതം മരുഭൂമിയിലെ
അസ്തമയമാണെന്ന് ആ രൂപം മനസിലാക്കിരുന്നു.
ചുരുണ്ട് ഒന്നു-രണ്ടു പിച്ചകപ്പു തിരുകി അലങ്കാരമി വിതറുന്ന.
ആ മുടി ചപ്പചവറിനെയാണ് ഞാനിന്ന് ഉപമിക്കുന്നു
കാലമറ്റം ഇന്ന് ആ മുടിയെ അലങ്കരിചോ
എന്ന് എനിക്ക്റിയില്ല.
എന്നാൽ കാലങ്ങൾക്ക് മുന്നേ ആ മുടി മനോഹരണെന്ന്
കേട്ടറിവുണ്ട്.
മുഖം താമരപ്പുപോലെ മനോഹരമായിരുന്നു കാല
പരിമണാമംമുഖത്തോയു
ബാധിചിട്ടുണ്ട്.
ദുഃഖത്തിന്റെ നിഴൽ ആ കണ്ണുകൾ ആരോയോ തിരഞ്ഞിരുന്നു.

ആയിരം പേർക്ക് അന്നം അന്നം വിളമ്പിയ ആ
കരങ്ങൾ ഇന്ന് അവൾ ഒരാൾക്ക്, തന്റെ പ്രിയപെട്ടവന് വേണ്ടി
വിളമ്പാൻ കൊതിക്കുന്നു.വെളച്ചംഅവഹേളിച്ചവനെ നാട്ടു
വെറുക്കും നാട്ടുകാർ വെറുക്കും.പക്ഷേ ആ മാതൃ ഹൃദയം
വെറുത്തില്ല. മകനേയും കൊണ്ട് നാടുവിട്ടു പോയ തന്റെ
പ്രിയപ്പെട്ടവനെ ഇന്നും അവൾ നിറമനസ്സോടെ
കാത്തിരിക്കുന്നു. തറവാട്ടു മുറ്റത്ത് ഒരിക്കലെങ്കിലും കയറാൻ
ആ മനസ്സ് വല്ലാതെ കൊതിക്കുന്നു .ആ നിമിഷം
മനസ്സിന്റെ പുതപ്പ് താനെ ഒഴിയുകയും അതിലെ ഖരം
താനെ ദ്രവീകരിച്ച് ദ്രാവകമാക്കുകയും അത് ആ
മനോഹരനയനങ്ങളെ
ഈറനണിയിക്കുകയുംചെയ്യുന്നു.മനസ്സിന്റെ ഖരം മാറുബോൾ
കണ്ണിലെ ദ്രാവകം വറ്റുകയും ചെയ്യുന്നു.കഴിഞ്ഞ കാല
ഓർമകൾ വീണ്ടും അവളെ അലട്ടി.മനസ്സിന് കനം
ആരോടെങ്കിലും പറയുവാൻ അവൾ തീരുമാനിച്ചു. അതിനായി
തന്റെ പ്രിയപ്പെട്ടവനെ തന്നെ അവൾ നിയോഗിച്ചു.

# കുറവുകൾ മറച്ചുവെക്കേണ്ട

ബലഹീനത അസ്വാഭാവികതയില്ല., പരിപൂർണ്ണത
അസംഭവ്യവുമല്ല . എല്ലാവർക്കും ദൗർബല്യം
ഉണ്ടാകും- ജന്മം കൊണ്ടു കർമ്മം കൊണ്ടു.
തിരുത്താവുന്നതും തിരുത്താനാവാത്തതും ആ
കൂട്ടത്തിൽ ഉണ്ടാകും. സ്വന്തം ന്യൂനതകളെ
തിരിച്ചറിയാനും അംഗീകരിക്കാനും തിരുത്തലുകൾ
വരുത്താനും തയ്യാറാകുന്ന വരാണ് സ്വയം
ചർച്ചയ്ക്കു വഴിയൊരുക്കുന്നവർ .
ബലഹീനരെ ആളുകൾ ബഹുമാനിക്കും. അവർ
സ്വന്തം ബലഹീനതകളെ നിഷേധിക്കാത്ത വരും
ബലഹീനതയ്ക്കു അപ്പുറം വളരുന്ന വരും
ആണെങ്കിൽ. കുറവുകൾ ഇല്ലാത്ത മനുഷ്യരില്ല.
അവയോടു ക്രിയാത്മകമായി പ്രതികരിക്കാൻ
സാധിക്കാത്തവർ ആണ് തകർന്നു
പോയിട്ടുള്ളത്.
അധികാരികൾക്ക് അബദ്ധം സംഭവിച്ചുകൂടാ
എന്ന തെറ്റിദ്ധാരണയാണ്
അവരെ പുറമേ അഹംഭാവികളും അകമേ
വിഢികളും ആണ്. തെറ്റുപറ്റാത്ത
നേതാക്കളെക്കാൾ പറ്റിയത് തുറന്നു
സമ്മതിക്കുന്ന നേതാക്കൾ ഉള്ളിടത്ത് പരസ്പര
വിശ്വാസവും ബഹുമാനവും സ്വാഭാവികമായും
ഉടലെടുക്കും ...

# കരൾ

ശരീരത്തിലെത്തുന്ന വിഷവസ്തു നിർവീര്യമാക്കുന്നതിൽ സുപ്രധാനം വഹിക്കുന്നുണ്ട് കരൾ. വിഷവസ്തുക്കളുമായുള്ള വർധിച്ച സമ്പർക്കം കരൾകോശങ്ങളുടെ നാശത്തിനു കാരണമാകും. എന്നാൽ ശരീരത്തിലെ ഏറ്റവും വലിയ ഗ്രന്ഥിയായ കരളിന് മറ്റ് അവയവങ്ങളെ അപേക്ഷിച്ച് നശിച്ചുപോകുന്ന കോശങ്ങളെ പുനർനിർമിക്കാനുള്ള കഴിവുണ്ട്. കരളിന്റെ പുനരുൽപ്പാദനശേഷിയേക്കാൾ കൂടിയ അളവിൽ കോശങ്ങൾ നശിക്കുന്നത് അന്തിമമായി കരളിന്റെ മൊത്തമായ നാശത്തിലേക്കു നയിക്കും

# ഞാറ്റുവേല

ഞായറിന്റെ- സൂര്യന്റെ നിലയിലാണ് ഞാറ്റുവേല.ഒരു രാശിയിൽ ഒരു ജന്മനക്ഷത്രത്തിന്റെ അരികിലൂടെ ശരാശരി പതിമൂന്നര ദിവസം സൂര്യൻ സഞ്ചരിക്കും. ഈകാലയളവിൽ ആ നക്ഷത്രത്തിന്റെ പേരിൽ അറിയപ്പെടുന്ന ഞാറ്റുവേലക്കാലമാണ്.ഞാറ്റുവേലയ്ക്കനുസരിച്ചായിരുന്നു മുമ്പൊക്കെ നമ്മുടെ കൃഷിരീതികൾ ക്രമീകരിക്കപ്പെട്ടിരുന്നത്.രോഹിണി ഞാറ്റുവേല പയർവർഗ കൃഷിക്കും,തിരുവാതിര ഞാറ്റുവേല കുരുമുളക് കൊടി നടാനും അത്തം വാഴകൃഷിക്കും ഉത്തമമാണ് എന്നാണ് പഴമക്കോകാർ പറയുന്നത്.കുംഭമാസത്തിൽ വെളുത്തവാവുനാളിൽ സന്ധ്യയ്ക്ക് ചന്ദ്രനുദിക്കുമ്പോൾ ചേന നടണമെന്നാണ് പ്രമാണം.കുംഭപ്പറകുടം പോലെ എന്നൊരുചൊല്ലുണ്ട്.കുംഭത്തിലെ പൂർണ ചന്ദ്രനെയാണ് കുംഭപ്പറ എന്നു പറയുന്നത്.കുംഭപ്പറയിൽ നട്ട ചേന കുടംപോലെ മുഴുപ്പുളതാകുമെന്നാണ് ഇത് അർഥമാക്കുന്നത്.

# തൊട്ടറിയാം ഇന്റർനേറ്റിൽ

ഇന്റർനെറ്റിൽ എന്തെല്ലാം ഉണ്ട് ?
ഇൻർനെറ്റിൽ ഒത്തിരിയൊത്തി
അറിവുകൾ,ഗെയിമുകൾ,പാട്ടുകൾ,സിനിമ,ച
ിത്രം,സയൻസ് അങ്ങനെ പലതും കമ്പ്യൂട്ടറിലും
ഫോണിലും അവ എപ്പോഴും കിട്ടും. പക്ഷേ
നലതേ എടുക്കാവൂ. ചീത്ത കാര്യങ്ങൾ വേണ്ട
വേണ്ട. എപ്പോഴും ഇന്റർനെറ്റിൽ
നോക്കിയിരിക്കേണ്ട. അത് ആരോഗ്യത്തിന്
നല്ലതല്ല.



കളിക്കളങ്ങളെ കളികളേയും ആശ്രയിച്ചിരുന്നവരുടെ കാലഘട്ടവുമായി താരതമ്യം ചെയ്യുമ്പോൾ സുവർണ്ണ കാലഘട്ടമായിത്തന്നെ കണക്കാക്കാം ശാരീരികാരോഗ്യത്തോടൊപ്പം അവർ ആർജ്ജിക്കുന്ന മാനസ്സികാരോഗ്യംവും മാനുഷിക സാമുഹിക മൂല്യങ്ങളും പ്രത്യേകം പരാമർശിക്കപ്പെടേണ്ടത് തന്നെയാണ്. കളി കളങ്ങളിൽ നിന്നാർജിക്കുന്ന സ്നേഹം,അനുകമ്പ സഹകരണം,സഹവർത്തിത്വം,ജയപരാജയങ്ങൾ ശീലമാക്കുമ്പോൾ വികാരങ്ങളെ നിയന്ത്രിക്കുന്നതിനുള്ള സവിശേഷ കഴിവുകൾ,നിയമങ്ങളെ അനു സരിക്കുന്നതിനുള്ള മനസ്സ്,സ്ഥിതിഗതികൾ വിലയിരുത്തി പ്രതികരിക്കുന്നതിനും പ്രവർത്തിക്കുന്നതിനുമുള്ള കഴിവ് ഈ ഗുണങ്ങളെല്ലാം കളി കളത്തിൽ നിന്ന് നിത്യജിവിതത്തിലേക്ക് പകർത്തപ്പെടുമ്പോൾ സമൂഹത്തിനും അതിനും പരി രാജ്യത്തിനും മുതൽ കൂട്ടാകുന്ന പൗരന്മാരെയാണ് കളി കളിലൂടെ സൃഷ്ടിച്ചെടുക്കുന്നത്. കളികൾ ചിട്ടയായ ജീവിത രീതികളും ആരോഗ്യ ശീലങ്ങളും സാമൂഹ്യ മൂല്യങ്ങളും ഉണ്ടാക്കിയെടുക്കുന്നു എന്ന് പൊതുവിൽ എല്ലാവരും അഭിപ്രായപ്പെട്ട് തുടങ്ങിയിരിക്കുന്നു. അന്യാധീനപ്പെടുന്ന കളിക്കളങ്ങൾ സംരക്ഷിച്ച് കൊണ്ട് ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് അടിമപ്പെട്ട് കൊണ്ട് നിഷ്ക്രിയരാകുന്ന തലുമുറയെ പൂർണ്ണ ആരോഗ്യമുള്ള ശരീരത്തോടെയും മനസ്സോടെയും നമുക്ക് വീണ്ടെടുക്കാം ആരോഗ്യമുള്ള തലമുറയെയാണ് രാജ്യം ഉറ്റ് നോക്കുന്നത്.കുട്ടികൾ കളിക്കളങ്ങളിൾ നിന്ന് അകലാനല്ല മറിച്ച് അടിപ്പിക്കുവാൻ നമുക്ക് ഒരുമിക്കാം അത് വഴി ആരോഗ്യ സമ്പന്നരായ പൗരന്മാരെ സൃഷ്ടിച്ച് രാജ്യത്തെ അഭിവൃധിയിലേക്ക് നയിക്കുകയും ചെയ്യാം.

# കാത്തിരിപ്പ്

ഇരുളിന്റെ പടിവാതിൽ വഴിയിലേക്ക് ഏകാകിയായ്
എവിടേക്കെന്നറിയാതെ ഞാൻ നടക്കെ
ഇടവഴിത്തണലിലായ് ഒരുമാത്ര ഞാനെന്റെ
മധുരക്കിനാവുകൾ തഴുകിനിൽക്കെ
എവിടെ നിന്നാണെന്റെ മനസ്സിന്റെ പടിവാതിലൊരു
കൊച്ചു കാലൊച്ച കേട്ടതെന്നൊ
ഇടവഴിത്താരയിലാരൊ വിളിച്ചെന്നെ
ഒരുമാത്ര പിന്നേയും ഞാനറിഞ്ഞു
എവിടെയാണോമനേ,നിൻ കരിവള പൊട്ടി -
ച്ചിതറിഞ്ഞെറിച്ചോരാ ഏകാന്തരാവുകൾ
എവിടെയാണോമനെ നിൻ പദനിസ്വനം
എവിടെക്ക് മാഞ്ഞുപോയ് ഇന്നും അറിവീല
എവിടെയോ കാലൊച്ച കേൾക്കുവാൻ ഞാനിന്നും
ഈ വഴിവക്കിലായ് കാത്തിടുന്നു
നീയെന്ന് വരുമെന്ന് അറിവീലയിന്ന്
ഇടവഴിത്തണലിൽ ഞാൻ കാത്തിരിപ്പൂ......

# ശാസ്ത്ര ക്വിസ്

1. 'ജൈവഘടികാരം' എന്നറിയപെടുന്നത് ?
ഉ: പീനിയൽ ഗ്രന്ഥി
2. അരുണ രക്താണുക്കളുടെ ആയുസ്സ് ?
ഉ: 120 ദിവസം
3. ആപേക്ഷിക ആർദ്രത അളക്കുന്ന ഉപകരണം ?
ഉ: ഹൈഗ്രോമീറ്റർ
4. വൈദ്യുത ലാബ് കണ്ടു പിടിച്ചതാര് ?
ഉ: എഡിസൺ
5. ആറ്റത്തിന്റെ കേന്ദ്രം ?
ഉ: ന്യൂക്ലിയസ്
6. ഏറ്റവും വലിയ കോശം ?
ഉ: ഒട്ടകപക്ഷിയുടെ മുട്ട
7. രസതന്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നതാര് ?
ഉ: റോബർട്ട് ബോയിൽ
8. അന്തരാഷ്ട്ര മോൾ ദിനം ?
ഉ: ഒക്ടോബർ 23
9:ഏറ്റവും ഭാരം കൂടിയ മൂലകം ?
ഉ:സീസിയം
10:ഏറ്റവും ഭാരം കുറഞ്ഞ മൂലകം ?
ഉ:ഹൈഡ്രജൻ
11:മണ്ണിനെക്കുറിച്ചുള്ള പഠനം ?
ഉ:പെഡോളജി
12:മണ്ണിരയുടെ ശ്വസനായവം?
ഉ:ത്വക്ക്
13:മാർഷ് ഗ്യാസ് എന്നറിയ പെടുന്ന വാതകം?
ഉ:മീഥെയ്ൻ
14:ഓന്തിനെ പോലെ നിറം മാറുന്ന കടൽജീവി?
ഉ:നീരാളി
15:ചലനം മൂലമുണ്ടാകുന്ന ഊർജം?
ഉ:ഗതികോർജം
16:ഏറ്റവും സാന്ദ്രത കുറഞ്ഞ ഗ്രഹം?
ഉ:ശനി